കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൈലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 11/ /427/2020

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി- 10 /06 /2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൈലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത്

രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി.11 / 427 /2020, തിയതി: 10/06 /2020

## കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.10.2018 മുതൽ 31.1.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.02.2020മുതൽ 20.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | | ശ്രീമതി.സിജാറാണി.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.രാജൻ.വി.ഡി | സീനിയർ ഗ്രേഡ് |

| | | | |
|---|---|---|---|
| | | | ഓഡിറ്റർ |
| | | ശ്രീമതി.ജയകുമാരിഅമ്മ.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗിരിജാമുരളീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. വിനയചന്ദ്രൻ | 01.04.2018മുതൽ 04.08.2018വരെ |
| | ശ്രീ. വി.ദേവരാജൻ ആചാരി | 08.08.2018മുതൽ 31.12.2018വരെ |
| | ശ്രീമതി. ഐ.അനിതകുമാരി (ചാർജ്ജ്) | 01.01.2019മുതൽ 13.01.2019വരെ |
| | ശ്രീ. ജോണി .പി | 14.01.2019മുതൽ 31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബോബി ഫ്രാൻസിസ് | 01/04/2018മുതൽ 20/06/2018വരെ |
| | ശ്രീമതി.ഐ.അനിതകുമാരി | 21/06/2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. പ്രിയ.എൽ | 01/04/2018മുതൽ 10/07/2018വരെ |
| | ശ്രീമതി. അനുദേവ വി.എസ് | 11/07/2018മുതൽ 31.03.2019വരെ |
| അഗ്രികൾച്ചറൽ ഓഫീസർ | ശ്രീമതി.ചിത്ര കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ജെയിംസ് ജോർജ് | 01/04/2018മുതൽ 31/03/2019വരെ |
| വി.ഇ.ഒ | ശ്രീ.ശിഖിൽരാജ് | 01/04/2018മുതൽ 31/03/2019വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ഗിരൺ എസ് | 01/04/2018മുതൽ 02/03/2019വരെ |
| | ഡോ. ദീപ | 03/03/2019മുതൽ 31/03/2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രമാദേവി എ.ബി | 01/04/2018മുതൽ 31/03/2019വരെ |
| വെറ്റിനറി സർജൻ | ഡോ. രാജീവ് എം | 01/04/2018മുതൽ 31/03/2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.വിനിത ബേബി ജേക്കബ് | 01/04/2018മുതൽ 31/03/2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മീര വി.ആർ | 01/04/2018മുതൽ 31/03/2019വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | കാഷ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-12 |
| 13 | താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച | 1-13 |

| | | |
|---|---|---|
| | 7,46,313/- രൂപ – തിരികെ ഈടാക്കിയിട്ടില്ല. | |
| 14 | ചെക്ക് പ്രകാരം വരവുവന്ന തുക ബാങ്കിൽ ക്രഡിറ്റ് ചെയ്യിട്ടില്ല. | 1-14 |
| 15 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | മുറിച്ചിട്ട തടി ലേലം ചെയ്യിട്ടില്ല. | 1-16 |
| 17 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-17 |
| 18 | ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യിട്ടില്ല | 1-18 |
| 19 | വീട് വാസയോഗ്യമാക്കൽ -അധികം ധനസഹായം നൽകി- ചെലവ് തുക 7500/- രൂപ നിരാകരിക്കുന്നു. | 1-19 |
| 20 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്- രേഖകളില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | കുടിവെള്ള പദ്ധതി- വിനിയോഗ ബാക്കി തുക ഈടാക്കിയില്ല | 1-21 |
| 22 | വിവിധ പദ്ധതികൾക്കായി പിൻവലിച്ച തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-22 |
| 23 | കടത്ത് കൂലി -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-23 |
| 24 | ലൈഫ് ഭവനനിർമ്മാണം-അവലോകനം | 1-24 |
| 25 | സർക്കാർ പ്രൈമറിസ്കൂളുകൾക്ക് സ്മാർട്ട്ക്ലാസ് റൂം | 1-25 |
| 26 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-26 |
| 27 | KMSCL ൽനിന്ന് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-27 |
| 28 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു. | 1-28 |
| 29 | കേരളാ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം കളക്ഷൻ ചാർജ്ജ് ഇനത്തിൽ കൂടുതൽ തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുവരുത്തുന്നു | 1-29 |
| 30 | യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-30 |
| 31 | നിക്ഷേപ പ്രവൃത്തികൾക്കായി ഭൂജല വകുപ്പിൽ | 1-31 |

| | | |
|---|---|---|
| | ഒടുക്കുവരുത്തിയിട്ടുള്ള തുകകളിൽ വൻ തുക ചെലവഴിക്കാതെ ശേഷിക്കുന്നു. | |
| 32 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (06/19), വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 408398 രൂപാ തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് (305/19)- ക്രമപ്രകാരമല്ലാതെ നല്കിയിട്ടുള്ള 7000 രൂപാ തടസ്സപ്പെടുത്തുന്നു | 1-33 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | കുടുംബശ്രീ യൂണിറ്റുകൾക്ക് വാഴകൃഷി - സബ്സിഡി അധികം നൽകി | 3-1 |
| 35 | വീട് വാസയോഗ്യമാക്കൽ -അധിക ധനസഹായം നൽകി- ചെലവ് തുക 7500/- രൂപ നിരാകരിക്കുന്നു. | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| | | |

| | | |
|---|---|---|
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം, 2018 – 2019 | അനുബന്ധം 1 |
| 47 | ഓഡിറ്റ് പത്രികകൾ | അനുബന്ധം |

<u>ഭാഗം -1</u>

<u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

28.3.18 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 11 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 15.5.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11047463 |
| വരവ് | 141363487 |
| ആകെ | 152410950 |
| ചെലവ് | 123272404 |
| നീക്കിയിരിപ്പ് | 29138546 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23875708 | 23875708 | 23192645 | 683063 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 17280000 | 17280000 | 17270000 | 10000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12900000 | 12900000 | 10993446 | 1906554 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 4844000 | 4844000 | 4690987 | 153013 |
| സെൻട്രൽ ഫിനാൻസ് | 0 | 13376893 | 13376893 | 11069780 | 2307113 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | | |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | - | - | - | - |
| എം.ജി.എൻ. ആർ.ഇ. ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 45210336 | 45210336 | 45210336 | 0 |
| | അഡ്മിനി സ്റ്റേറ്റീവ് ചെലവ് | 1158 | 501498 | 502656 | 501441 | 1215 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ സി ഡി എസ് | 2085533 | 1539145 | 3624678 | 495335 | 3129343 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3868870 | 3868870 | 3778305 | 90565 |
| | ജില്ലാ പഞ്ചായത്ത് | 0 | 4759845 | 4759845 | 4754988 | 4857 |
| ബി ഫണ്ട് | | 0 | 510960 | 510960 | 510960 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6073529 | 11166234 | 17239763 | 12299936 | 4939827 |
| | ട്രഷറി അക്കൗണ്ട് | 962911 | 26613378 | 27576289 | 10634939 | 16941350 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശത മാനം |
|---|---|---|---|---|---|---|
| 289 | 202471601 | 219 | 107942730 | 64 | 70 | 53.63 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ -ഇല്ല</u>

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1158 | 501498 | 502656 | 501441 | 1215 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 45210336 | 45210336 | 45210336 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 210960 | 164 |
| കർഷകതൊഴിലാളി പെൻഷൻ | 647620 | 7953 |
| വിധവാപെൻഷൻ | 17991600 | 4631 |
| വാർദ്ധക്യകാലപെൻഷൻ | 31265700 | 7953 |
| വികലാംഗപെൻഷൻ | 5569800 | 1284 |
| 50 വയസ്സിനു മുകളിൽ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1050800 | 92 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.2.2020 ന് അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8745/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.ക്യാഷ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1

## അനുബന്ധം ബി)

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.എന്നാൽ ഔട്ട് ഡോർ കളക്ഷന് മാനുവൽ രസീതുകളും ഉപയോഗിച്ചുവരുന്നു.വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുന്നുണ്ട്.ഡി&ഒ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/02/2020 | 11.12.19 വരെ | 11.02.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2014-18.03.2014 | 2008-09മുതൽ 2012-13 വരെ | 07.05.2014 |

## 1-11 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

മൈലം ഗ്രാമപഞ്ചായത്ത് - 2018 -2019 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ.

1)എം.ജി.എൻ.ആർ.ഇ.ജി.എസ്. - ആകെ ചെലവ്, അഡ്മിനിസ്ട്രേറ്റീവ് വരവ് എന്നിവയിൽ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ തുകയല്ല വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആകെ ചെലവ് | അഡ്മിനിസ്ട്രേറ്റീവ് വരവ് |
|---|---|---|
| രജിസ്റ്റർ പ്രകാരം യഥാർത്ഥ തുക | 45766776 | 556497 |
| വാർഷിക ധനകാര്യപത്രിക പ്രകാരം | 45712777 (I-6) | 501498 (RP-31) |

| | | |
|---|---|---|
| വ്യത്യാസം | 53999 | 54999 |

2)എം.ജി.എൻ.ആർ.ഇ.ജി.എസ്. - നീക്കിയിരിപ്പ് തുക RP-40(b)/B-17 പ്രകാരം 1,215/- രൂപയാണ്. എന്നാൽ B-4 ഷെഡ്യൂളിൽ 215/- രൂപയേ രേഖപ്പെടുത്തിയിട്ടുള്ളൂ.

3)'capital work in porogress" എന്ന ഹെഡിൽ തൻവർഷം 7,39,022/- രൂപയാണ്

എൽ.എസ്.ജി എ.ഇ നൽകിയ രേഖകൾ പ്രകാരം ചെലവഴിച്ചിട്ടുള്ളത്.എന്നാൽ ബി-11 (എ) ഷെഡ്യൂളിൽ 5,97,185/- രൂപയേ ഉൾപ്പെടുത്തിയിട്ടുള്ളൂ. വ്യത്യാസം 1,41,837/- രൂപ.

4)ജോയിന്റ് വെഞ്ച്വർ അക്കൗണ്ട്- B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 95,422/- രൂപയാണ്. എന്നാൽ RP-40(b)/B-17 പ്രകാരം നീക്കിയിരിപ്പ് 5,57,448/- രൂപ. വ്യത്യാസം 4,62,026/- രൂപ.

5)തനത് ഫണ്ട് - ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് - ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 41,30,818/- രൂപയാണ്. എന്നാൽ RP-40(b)/B-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 40,73,804/- രൂപയാണ്. റികൺസിലേഷൻ പത്രികയിൽ 'cheque deposited but not collected' ആയി 38,089/- രൂപയുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്നു. ആയതിൽ 5000/-രൂപയുടെ ചെക്ക് നാളിതുവരെയും ക്രഡിറ്റിൽ വന്നിട്ടില്ല.

ചുവടെ കൊടുത്തിരിക്കുന്ന പ്രസ്തുത തനത്ഫണ്ട് വരവ് ചെക്ക് നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല.

| ക്രമ നം. | ചെക്ക് നം./തീയതി | തുക |
|---|---|---|
| 1 | 7625327/06.08.18 | 5,000/- |

ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6) ബി 11 + ബി 11 (എ) പ്രകാരമുള്ള തുകയല്ല " capital contribution ‘ ബി3 ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല.

7)b-18 ഷെഡ്യൂളിൽ Permanent Advance/Imprest – 200/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

8)ട്രേഡേഴ്സ് തൊഴിൽ നികുതി- ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം വരവ് 42,750/- രൂപ. എന്നാൽ RP-43 പ്രകാരം വരവ് 2,37,870/- രൂപ.

9)2019-20 വർഷത്തേക്കുള്ള വരവ് തൻവർഷം അഡ്വാൻസായി RP-36 പ്രകാരം ലഭിച്ചത് (മാർക്കറ്റ് റസീപ്റ്റ്-210100/- രൂപ, D&O ലൈസൻസ് ഫീസ്-4,000/- രൂപ, ട്രേഡേഴ്സ് തൊഴിൽ നികുതി-2,500/- രൂപ) ഡി.സി.ബി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10)വസ്തു നികുതി - സാംഖ്യയുംസഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11)വസ്തു നികുതി - ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

12)കറന്റ് ചാർജ്,വാട്ടർ ചാർജ് ,പെട്രോൾ ചാർജ് എന്നീ ഇനങ്ങളിൽ തൻവർഷത്തെ ചെലവ് അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

13)സ്റ്റോക്കിൻെറ ബാലൻസ് രജിസ്റ്റർ വാല്യൂബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിൻെറ ബാലൻസ് 0 എന്ന് അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ് . സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഇലക്ട്രിക്ക് സാധനങ്ങൾ ബാലൻസുണ്ട് .

## 1-12 കാഷ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 17.2.2020 ന് നടത്തിയ കാഷ് പരിശോധനയിൽ ഡേ ബുക്ക പ്രകാരം 9732/- രൂപ വരവുണ്ട്.ടി വരവിൽ 987 രൂപയുടെ (രസീത് നം.119070105218) രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്.ക്യാഷ് ബാലൻസിനത്തിൽ 8745/- രൂപയുടെ വരവ് ബോധ്യപ്പെട്ടു. എന്നാൽ ടി ദിവസത്തെ കാഷ് ബുക്ക് പ്രകാരം 90513/- രൂപയാണ് നീക്കിയിരുപ്പുള്ളത്. വ്യത്യാസം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.8/17.2.2020)കോൺട്രാ ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും 2.12.2019 മുതലുള്ള ചെക്കുകളുടെ പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടായതെന്നും മറുപടി ലഭ്യമാക്കി. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ , ചട്ടം 5,6 , ജി.ഒ(എം.എസ്)245/2011 തസ്വഭവ 13.10.2011 എന്നിവ പ്രകാരം ഓരോ ദിവസവും അവസാനത്തിൽ കാഷ്ബുക്ക് സമ്മറി, ബാങ്ക് ബുക്ക് എന്നിവ പ്രിന്റെടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ അപ്രകാരം ചെയ്തുവരുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച 7,46,313/- രൂപ – തിരികെ ഈടാക്കിയിട്ടില്ല.

2018-19 വാർഷികധനകാര്യപത്രിക പ്രകാരം താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ 7,46,313/- രൂപ നീക്കിയിരുപ്പുണ്ട്. ടി സ്ഥാപനം നിലവിൽ പ്രവർത്തനം ഇല്ലാത്തതും അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തി വരുന്നതുമാണ്.പ്രസ്തുത തുക പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-2ൽ പരാമർശിച്ചിരുന്നു.ടി ബാങ്കിൽ നിന്നും ബാലൻസ് തുക പഞ്ചായത്തിന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക്(നം.3/15.2.2020) തുക ഈടാക്കുന്നതിന് 14.10.2019 ലെ 1-3515/19 നം. പ്രകാരം താമരക്കുടി സർവ്വീസ് സഹകരണബാങ്ക് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി . ലഭിക്കാനുള്ള 74,63,13/- രൂപ പലിശ സഹിതം ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-14 ചെക്കു പ്രകാരം വരവുവന്ന തുക ബാങ്കിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

7625327 /6.8.18 നം. ചെക്കു പ്രകാരം കലയപുരം MSCLPS ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ പഞ്ചായത്തിനു ലഭിച്ച 5000/- രൂപ നാളിതുവരെയും ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.3/15.2.2020)ബാങ്കുമായി ഇടപെട്ട് തുക വരവു വരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. നാളിതുവരെയായിട്ടും തുക ബാങ്ക് അക്കൗണ്ടിൽ വരവുവരാഞ്ഞത് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്മേലുള്ള തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതും തുക ബാങ്ക് അക്കൗണ്ടിൽ വരവു വരുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-15 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ മൈലം റൂറൽ സഹകരണസംഘം എന്ന സ്ഥാപനത്തിന്റെ ഒന്നും രണ്ടും വർഷത്തെ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.4/15.2.2020) തുക ഒടുക്കുവരുത്തുന്നതിനായി കത്തു നല്കിയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മുറിച്ചിട്ട തടി ലേലം ചെയ്തിട്ടില്ല.

അന്തമൺ എൽ.പി സ്കൂളിൽ മുറിച്ചിട്ട തടി ലേലം ചെയ്യുന്നതിന് വാല്യുവേഷൻ നൽകുന്നതിന് 11.10.2018 ലെ എ3-100/18 നം.കത്തു പ്രകാരം അസി.എൻജിനീയർക്ക് കത്തു നൽകിയിട്ടുണ്ട്.ആയതിന്റെ തുടർനടപടികൾ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് വാല്യുവേഷൻ ലഭിച്ചിട്ടില്ലെന്നും നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.തടി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2018-2019 സാമ്പത്തികവർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 188 സ്ഥാപനങ്ങൾ ലൈസൻസെടുത്തിട്ടുള്ളതായി കാണുന്നു.എന്നാൽ മുൻവർഷം 222 സ്ഥാപനങ്ങൾ ലൈസൻസെടുത്തിരുന്നു.ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തുപരിധിയിലുള്ള സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമല്ല.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം ഏതാവശ്യത്തിനും ലൈസൻസ് ഇല്ലാതെ സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.വാർഡുതിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കു ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് (4/15.2.2020) 2018-19 ൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.ഓരോ വർഷവും അനവധി വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കുന്നുണ്ട്. ഇതിൽനിന്നും ഗ്രാമ പഞ്ചായത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

എന്ന് വ്യക്തമാണ്.അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം വരെ ഇപ്രകാരം ലഭിക്കുവാനുള്ള തുകകളുടെ വർഷം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 14-02-2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2) ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത്എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇ- ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-19 വീട് വാസയോഗ്യമാക്കൽ -അധികം ധനസഹായം നൽകി- ചെലവ് തുക 7500/- രൂപ നിരാകരിക്കുന്നു.

പദ്ധതിയുടെ പേര്/നം-വീട് വാസയോഗ്യമാക്കൽ(ജനറൽ)/276/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

അടങ്കൽ തുക-315000/-

-(വികസനഫണ്ട്-92981/-

തനത് ഫണ്ട്-22209/-)

ബിൽ നമ്പർ-1)02/18-19/20-05-2018-15000/-

2)5/18-19/11-06-2018-67500/-

3)9/18-19/16-07-2018-10391/-

ചെക്ക് നം 4)-0731552/05-07-18-64609/-

5)785644/12-10-18--15000/-

6)0868774/31-03-19-45000/-

7)0868761/08-03-19-7500/-

വീട് വാസയോഗ്യമാക്കൽ -എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 15000/-രൂപ ആണ് വകയിരുത്തിരുന്നത്. 2017-18സാമ്പത്തികവർഷത്തിൽ ആരംഭിച്ച ടി പദ്ധതിയിലെ ഗുണഭോക്താവായ ശ്രീ.രജിലാൽ.ആർ, രജിഭവൻ, പള്ളിക്കൽ പടിഞ്ഞാറ് എന്ന വ്യക്തിക്ക് 21000/-രൂപ നൽകിയിരിക്കുന്നു. 2017-18 സാമ്പത്തികവർഷത്തിൽ ആദ്യ ഗഡു പ്ലാൻ ഫണ്ടിൽ നിന്നും (ബിൽ നം-43/17-18/21-02-18-322500/-) നൽകിയിട്ടുണ്ട്. തുടർന്ന് തൻവർഷം പ്ലാൻ ഫണ്ടിൽ നിന്നും(ബിൽ നം-5/18-19/11-06-2018-67500/-)തനത് ഫണ്ടിൽ നിന്നും (45000/-) 7500/-രൂപ വീതം അനുവദിച്ച് നൽകിയിരിക്കുന്നു. ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് പരമാവധി 100000/-രൂപ വരെ അനുവദിക്കാൻ സർക്കാർ നിർദ്ദേശമുണ്ടെങ്കിലും പദ്ധതി രൂപീകരിച്ചരിക്കുന്നത് ഒരാൾക്ക് 15000/-രൂപ ആനുകൂല്യം അനുവദിക്കുക എന്നാണ്. ടി പദ്ധതിക്ക് വിരുദ്ധമായി അധികമായി തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് അംഗീകൃത പദ്ധതിക്ക് അധികരിച്ച് നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

അധികമായി നൽകിയ 7500/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.ടി തുകയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം-6/14-02-2020

## 1-20 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്-രേഖകളില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം-81/19,കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-വികസനഫണ്ട് (ജനറൽ),300000/-

ചെലവ്-240000/-

ബിൽ നമ്പർ-1)38/18-19/26-02-2019-60000/-

2)40/18-19/07-03-2019-70000/-

3)44/18-19/30-03-2019-10000/-

4)45/18-19/20-03-2019-10000/-

5)46/18-19/22-03-2019-10000/-

6)49/18-19/25-03-2019-30000/-

7)50/18-19/27-03-2019-40000/-

8)51/18-19/27-03-2019-10000/-

24 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/-രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിച്ച് നൽകിയിരിക്കുന്നു. കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ,ഏരിയ ഡവലപ്മെന്റ് സൊസൈറ്റികൾ,കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റികൾ,എന്നിവയ്ക്ക് വ്യക്തമായ വായ്പാ അധിഷ്ഠിതമായ ഒരു തൊഴിൽ സംരഭപ്രോജക്ടിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്(സർക്കാർ ഉത്തരവ് (കൈ) നം-22/18/ ത.സ്വ.ഭ.വ/14-02-2018 ഖണ്ഡിക7.8.3). എന്നാൽ ആനുകൂല്യം കൈപ്പറ്റിയ 24 ഗ്രൂപ്പുകൾ വായ്പ എടുത്താണ് തൊഴിൽ സംരഭം ആരംഭിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വച്ചിട്ടുള്ളതല്ലാതെ ടി സംരംഭം ആരംഭിച്ച് പ്രവ്യത്തിക്കുന്നത് വ്യക്തമാക്കുന്ന രേഖകൾ, കാഷ് ബുക്ക് ,സംരംഭക ഗ്രൂപ്പിന്റെ പ്രവർത്തനക്ഷമത, സംരംഭത്തിനായി ബാങ്കിൽ നിന്നുമെടുത്ത ലോണിന്റെ തിരിച്ചടവ് എന്നിവയെ സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. റിവോൾവിംഗ് ഫണ്ട് ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. കുടുംബശ്രീ ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ട് പത്രികയുടെ പകർപ്പ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച 240000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 13/18.02.2020

## 1-21 കുടിവെള്ള പദ്ധതി വിനിയോഗബാക്കി തുക ഈടാക്കിയില്ല

പ്രോജക്ട് നം-83/19-പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി-

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്-എസ്.സി.പി,318918/-

ബിൽ നം-06/18-19/06-08-18

ടി പദ്ധതി പ്രകാരം പഞ്ചായത്തിലെ എസ്.സി കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 740018/-രൂപ ഭൂഗർഭജലവകുപ്പിൽ നിക്ഷേപ പ്രവൃത്തിക്കായി നൽകിയിരുന്നതിൽ പന്നിക്കോട് കോളനി,മണ്ണറ കോളനി,കോളുവിള കോളനി,മാങ്കുന്ന് കോളനി എന്നിവിടങ്ങളിൽ പ്രവൃത്തി നടത്തുന്നതിനായി നിക്ഷേപിച്ച 318918/-രൂപയിൽ 262003/-രൂപ ചെലവഴിച്ചതായും ബാക്കി 56915/-രൂപ അവശേഷിച്ചിരിക്കുന്നതായും നിർവ്വഹണ ഏജൻസി (ജി.കെ.റ്റി/1791/18/26-09-2019) അറിയിച്ചിട്ടുണ്ട്. ടി തുക തിരികെ ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാക്കുകയോ തുടർ വർഷങ്ങളിൽ നടത്തുന്ന പദ്ധതികൾക്കുള്ള നിർവ്വഹണതുകയിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം-13/18-02-2020

## 1-22 വിവിധ പദ്ധതികൾക്കായി പിൻവലിച്ച തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

വി.ഇ.ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വിവിധ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുകകൾ, ഇ.എം.എസ് ഭവനപദ്ധതിക്കുള്ള തുകകൾ എന്നിവ വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | ബാങ്ക്/അക്കൗണ്ട് നമ്പർ | അവശേഷിച്ചിരിക്കുന്ന തുക/ തീയതി |
|---|---|---|
| വി.ഇ.ഒ | താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്,മൈലം<br>SB 1/7056 | 499880/-<br>31-03-2019 |
| | കാനറ ബാങ്ക്,മൈലം<br>5836101000369 | 78710/-<br>04-04-2019 |
| അസിസ്റ്റന്റ് സെക്രട്ടറി | കാനറ ബാങ്ക്,മൈലം<br>5836101000137 | 242269/-<br>31-01-2020 |

വിവിധ പ്രവൃത്തികൾക്കായി സർക്കാർ അനുവദിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതിൽ പ്ലാൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുക ധനവിനിയോഗമാർഗ്ഗരേഖയിൽ പ്രതിപാതിച്ചതിൻ പ്രകാരവും ഭവന നിർമ്മാണപ്രവർത്തികൾക്കായി പിൻവലിച്ച തുക സർക്കുലർ നം 326/ഡി.ബി1/2017/ ത.സ്വ.ഭ.വ/ 23.11.17 ലെ നിർദ്ദേശത്തിനനുസൃതമായും വിനിയോഗിക്കുകയോ തിരികെ ഒടുക്ക് വരുത്തുകയോ ചെയ്യേണ്ടതാണ്.

## 1-23 കടത്ത് കൂലി -ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

പദ്ധതിയുടെ പേര്/നമ്പർ- അങ്കണവാടി പോഷകാഹാരം-54/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ-01/18-19/28-06-2018

തുക -9332/-(പ്ലാൻഫണ്ട്)

അങ്കണവാടി പോഷകാഹാരം എന്ന പദ്ധതി പ്രകാരം വിവിധ അങ്കണവാടികളിൽ ഭക്ഷണസാധനങ്ങൾ എത്തിച്ചതിനുള്ള കടത്തുകൂലിയിനത്തിൽ 9332/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഏത് ബില്ലിന്റെ അടിസ്ഥാനത്തിലാണ് ടി തുക നൽകിയിരിക്കുന്നതെന്ന്

വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ രേഖാ മൂലം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ആയത് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.രേഖകൾ പരിശോധനയക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-5/14-02-2020

## 1-24 ലൈഫ് ഭവനനിർമ്മാണം-അവലോകനം

ലൈഫ് മിഷൻ പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതി പ്രോജക്ട് നമ്പർ 69/19--ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 121/19-പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുമായി തൻവർഷം നടപ്പിലാക്കി.പദ്ധതികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| 69/2019-ജനറൽ | | | 121/19-പട്ടികജാതി | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ | ചെലവ് | ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട്പൊതുവിഭാഗം | 5385200 | 5385200 | വികസനഫണ്ട് എസ്.സി.പി | 4965982 | 4965982 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1224200 | 1202235 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2350000 | 2350000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2644856 | 2640000 | ജില്ലാ പഞ്ചായത്ത് വിഹിതം | 1789989 | 1789988 |
| ലോൺ തുക | 74089944 | 22692465 | ലോൺ തുക | 14304011 | 1114030 |
| ആകെ | 83344200 | 31919900 | ആകെ | 23409982 | 10220000 |

ജനറൽ വിഭാഗത്തിൽപ്പെട്ട 131 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 109 ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായും 22 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുവാനായി അവശേഷിക്കുന്നുവെന്നും ആയതിൽ 5 ഗുണഭോക്താക്കൾ മുൻകൂർ തുകയായ 40000/-രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ വീട് നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും പട്ടികജാതിവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളിൽ വീട് നിർമ്മാണത്തിനായി എഗ്രിമെന്റ് ചമച്ച 41 പേരിൽ 34 പേർ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 7 പേരിൽ 3 ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയെങ്കിലും നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വീട് നിർമ്മാണം പൂർത്തീകരിപ്പിക്കുന്നതിനോ അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 സർക്കാർ പ്രൈമറിസ്കൂളുകൾക്ക് സ്മാർട്ട്ക്ലാസ് റൂം

പ്രോജക്ട് നമ്പർ – 208/2019
അടങ്കൽ തുക – 600000/-രൂ (വികസന ഫണ്ട്&മെയിന്റനൻസ് ഫണ്ട്-3ലക്ഷം വീതം)
ബിൽ നമ്പർ – 12&13/31.12.2018(295961/-,295740/-)

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/ എം.പി/ എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്. ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ രണ്ട് മൾട്ടിമീഡിയ പ്രൊജക്ടറുകൾ പ്രൊജക്ടറൊന്നിന്

25630/-രൂ നിരക്കിൽ വാങ്ങിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 23860/- രൂപയാണ് പ്രൊജക്ടറൊന്നിന് അനുവദനീയം. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്, (01/2020/13.02.2020) ഐ.കെ.എം എന്ന സ്ഥാപനം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ മുഖേനയാണ് വാങ്ങൽനടത്തിയത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയാറാക്കുന്ന വേളയിലുണ്ടായ അപാകം മൂലം 3540/-രൂപയുടെ അധികച്ചെലവിനിടയായിട്ടുണ്ട്. ആധികാരിക ഏജൻസിയുടെ എസ്റ്റിമേറ്റിനനുസൃതമായി വാങ്ങൽ നടത്തിയത് ബോധപൂർവമായ വീഴ്ചയായി കാണുന്നില്ല എങ്കിലും തുടർവാങ്ങലുകളിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

രാജ്യത്തിലെ ജനങ്ങളിൽ കായിക തൊഴിൽ ചെയ്യുവാൻ സന്നദ്ധതയുള്ളവർക്ക് ഒരു വർഷം 100 ദിവസം തൊഴിൽ ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 567 കുടുംബങ്ങൾക്ക് നൂറ് ദിന തൊഴിൽ പൂർത്തീകരിക്കാൻ സാധിച്ചു. നിർവ്വഹണത്തിൽ പ്രധാന പങ്കും കിണർ നിർമ്മാണം, കുളങ്ങൾ, മഴക്കുഴി നിർമ്മാണം, ഭൂവികസനം, തോട് സംരക്ഷണം എന്നിവയ്ക്കായാണ് നീക്കിവെച്ചത്. 2018-19 ലെ പദ്ധതി മാർഗരേഖ പ്രകാരമുള്ള പ്രകൃതി വിഭവ സംരക്ഷണം, മാലിന്യനിർമാർജനം എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് മുൻഗണന നൽകും വിധമുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു കണ്ടില്ല. വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനം പൂർണതോതിൽ നിർവ്വഹിച്ചു കാണുന്നില്ല. ദേശീയപ്രാധാന്യമുള്ള പദ്ധതിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്. പ്രവർത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ കയ്യാല നിർമ്മാണം മഴക്കുഴി നിർമ്മാണം തുടങ്ങി പ്രസക്തമല്ലാത്തവ ചേർത്തിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ യഥാർത്ഥത്തിൽ സൃഷ്ടിച്ചിട്ടുള്ള സുസ്ഥിര ആസ്തികൾ മാത്രം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൻ സമർപ്പിക്കുന്ന രേഖകളിന്മേൽ പരിശോധന നടത്തി ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ അർഹത മാനദണ്ഡം ഉറപ്പ് വരുത്തുന്നതിന് വ്യവസ്ഥാപിതമായ സംവിധാനം ഇല്ലാത്ത സ്ഥിതിയുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.ഡീറ്റയിൽഡ് എസ്റ്റിമേറ്റ് – എം ബുക്ക് രേഖപ്പെടുത്തലുകൾ ഒത്തുപോകും വിധം രേഖപ്പെടുത്തലുകൾനടത്തി അസി.എഞ്ചിനീയറും സെക്രട്ടറിയും പഞ്ചായത്ത് പ്രസിഡന്റും തൃപ്തികരമായി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും പല പ്രവൃത്തികളുടെയും തൽസ്ഥിതി എം- ബുക്ക് രേഖപ്പെടുത്തലുകളിൽ നിന്നും തികച്ചും വ്യത്യാസപ്പെട്ടിരിക്കുന്നു.ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടത് ഫണ്ട് വിനിയോഗത്തിന്റെ സുതാര്യതയ്ക്ക് അനിവാര്യമാണ്.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന മഹത്തായ സന്ദേശം ഉറപ്പുവരുത്തും വിധം ഗ്രാമീണ

തൊഴിൽമേഖലയെ ശാക്തീകരിക്കുന്നതിനും കൂടുതൽ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക വികസനം സുതാര്യമാക്കുന്നതിനും ഭരണനിർവ്വഹണ വിഭാഗങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

## 1-27 KMSCL ൽനിന്ന് മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ പി.എച്ച്.സി - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തുക നൽകിയെങ്കിലും മരുന്നുകൾ എല്ലാം ലഭ്യമാക്കിയില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/ഫണ്ടിനം. | ചെലവ് തുക (രൂപ) | ലഭിച്ച മരുന്നിന്റെ വില (രൂപ) | ലഭിക്കേണ്ടവാനുള്ള മരുന്നിന്റെ വില (രൂപ) |
|---|---|---|---|---|
| 1. | പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ (നം.79/18-19), വികസന ഫണ്ട്,മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 3,32,004/- PRF 766/2.8.2018 | 3,17,536/- | 14,468/- |
| | | | ആകെ | 14,468/- |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണുന്ന അപാകതകൾ താഴെ കൊടുക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണുന്ന പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

